(ഇ, എഫ്) കർഷകർ ആത്മഹത്യ ചെയ്തത് കടക്കെണിയിൽ പെട്ടാണെന്ന് സർക്കാർ കരുതുന്നില്ല.

ചെലവ് ചുരുക്കൽ പരിപാടി

*12 [72] ശ്രീ. കെ. വി. കുഞ്ഞിരാമൻ:

,, മഞ്ഞളാംകുഴി അലി:

,, വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ പ്രഖ്യാപിച്ച ചെലവ് ചുരുക്കൽ പരിപാടിയുടെ പുരോഗതി വെളിപ്പെടുത്തുമോ;

(ബി) ഈ പരിപാടിയുടെ ഭാഗമായി ഏതെല്ലാം ഇനങ്ങളിൽ ചെലവ് ചുരുക്കാൻ കഴിഞ്ഞുവെന്ന് ഇനം തിരിച്ച് അറിയിക്കാമോ;

(സി) ചെലവ് ചുരുക്കൽ പരിപാടി ഫലപ്രദമായി നടത്താൻ കഴിഞ്ഞിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇതിന് തടസ്സമായ ഘടകങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഇ) ഇതിന്റെ ഭാഗമായി ഏതെങ്കിലും ക്ഷേമ/സേവന പ്രവർത്തനങ്ങൾ സർക്കാർ ഉപേക്ഷിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ, ബി) ചെലവ് ചുരുക്കൽ നടപടികളുടെ ഭാഗമായി സർക്കാർ സർവ്വീസിലെ 3570 തസ്തികകൾ നിർത്തലാക്കുകയും 2915 തസ്തികകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുനർവിന്യസിക്കുകയും, 1663 തസ്തികകളെ പുനർവിന്യസിക്കാനായി മാറ്റി നിർത്തുകയും ചെയ്തിട്ടുണ്ട്. 3510 തസ്തികകൾ നിർത്തലാക്കുകയോ സൂപ്പർ ന്യൂമററിയായി പ്രഖ്യാപിക്കുകയോ ചെയ്യേണ്ടതായിട്ടുണ്ട്. ഇതിനു പുറമേ പുതിയ തസ്തിക സൃഷ്ടിക്കൽ, പുതിയ വാഹനം വാങ്ങൽ, വിദേശ യാത്ര, വിമാനയാത്ര വാഹന ഉപയോഗം, ടെലഫോൺ എന്നീ മേഖലകളിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ഉണ്ട്. കൂടുതൽ ഗഡു ഡി.എ.-യും ഡി.ആറും അനുവദിച്ചിട്ടും കരാറുകാരുടെ കുടിശ്ശികയിൽ നല്ലൊരു പങ്ക് കൊടുത്തിട്ടും വിവിധ ക്ഷേമ പെൻഷൻ പദ്ധതികൾക്കുള്ള തുക നൽകിയിട്ടും സർക്കാരിന്റെ ചെലവുകൾ ക്രമാതീതമായി വർദ്ധിക്കാതെ സൂക്ഷിക്കാൻ കഴിഞ്ഞത് ചെലവ് ചുരുക്കൽ പരിപാടി ലക്ഷ്യം കണ്ടതുകൊണ്ടാണ്.

(ഡി) ഉദിക്കുന്നില്ല.

(ഇ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly